നമ്പർ 001/2016

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, ദേശത്തുപട്ടക്കാരും, പള്ളിക്കൈസ്ഥാനികളും, ഭരണസമിതിയംഗങ്ങളും ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,
പൗരസ്ത്യ കാതോലിക്കായും, മലങ്കര മെത്രാപ്പോലീത്തായുമായിരുന്ന് പരിശുദ്ധ സഭയ്ക്ക് സുധീരമായ നേതൃത്വം നൽകിയ ഭാഗ്യസ്മരണാർഹനായ പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവാ തിരുമനസ്സിലെ 10-ാം ഓർമ്മപ്പെരുന്നാൾ 2016 ജനുവരി മാസം 25, 26 (തിങ്കൾ, ചൊവ്വ) തീയതികളിൽ ആ പുണ്യപിതാവ് അന്ത്യവിശ്രമം കൊള്ളുന്ന ശാസ്താംകോട്ട മൗണ്ട് ഹോറേബ് മാർ ഏലിയാ ചാപ്പലിൽ നടത്തപ്പെടുകയാണ്.

25-ാം തീയതി തിങ്കളാഴ്ച വൈകിട്ട് അഞ്ചേമുക്കാൽ മണിക്ക് ആരംഭിക്കുന്ന സന്ധ്യാപ്രാർത്ഥനയിലും 26 -ാം തീയതി ചൊവ്വാഴ്ച രാവിലെ 8 മണിക്കുള്ള വിശുദ്ധ മൂന്നിന്മേൽ കുർബ്ബാനയിലും നിങ്ങളേവരും നേർച്ചകാഴ്ചകളോടുകൂടി വന്ന് സംബന്ധിച്ച് അനുഗൃഹീതരാകണമെന്ന് നാം താല്പര്യപ്പെടുന്നു. പെരുന്നാൾ ചടങ്ങുകൾക്ക് നാമും നമ്മുടെ സഹോദരമെത്രാപ്പോലീത്താമാരും നേതൃത്വം നൽകുന്നതാണ്. വിശുദ്ധ ജീവിതംകൊണ്ടും, വ്യക്തിത്വമാഹാത്മ്യംകൊണ്ടും, സന്യാസിക്കിണങ്ങിയ ജീവിതചര്യകൊണ്ടും വിശ്വാസികളുടെ ഹൃദയത്തിൽ സ്ഥാനം പിടിച്ച്, മലങ്കര സഭയുടെ സൂര്യതേജസ്സായി പ്രശോഭിച്ച പരിശുദ്ധ മാത്യൂസ് ദ്വിതീയൻ ബാവാ തിരുമേനിയുടെ ഓർമ്മപ്പെരുന്നാളിൽ സംബന്ധിക്കുവാൻ ഏവർക്കും കടമയുണ്ടെന്ന് നാം പ്രത്യേകം ഓർമ്മിപ്പിക്കുന്നു. വിശദമായ നോട്ടീസ് ഇതോടൊപ്പം അയയ്ക്കുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർതോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാൻമാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2016 ജനുവരി മാസം 01-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.